**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**
**നം. 887**

**30.10.2019-ൽ മറുപടിയ്ക്ക്**

**<u>ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം</u>**

| | **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** |
|---|---|---|---|
| | ശ്രീ. പി. ഉണ്ണി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) | ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ആയതിന് എന്നാണ് ഭരണാനുമതി നല്കിയത്; വിശദാംശം നൽകാമോ; | എ) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്ന പദ്ധതിക്കായി ധനസഹായം അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതി മൊത്തം 5,38,70,118/- രൂപ (അഞ്ചു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 07.09.2019-ലെ സ. ഉ. (സാ. ധാ) നമ്പർ. 408/2019/സാം.കാ.വ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും; | ബി-യും, സി-യും) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| സി) | സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.